# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 370 — 24.08.2017 -ലെ മറുപടി

## പമ്പാനദിയുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.ഷംസുദ്ദീൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പാനദിയുടെ സംരക്ഷണത്തിനായി ദേശീയ നദീസംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തി എന്ത് തുക അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) 2003-ൽ ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാനദിയുടെ സംരക്ഷണത്തിനായി 18.45 കോടി രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയത്. ഇതിൽ 12.886 കോടി രൂപ കേന്ദ്ര വിഹിതമാണ്. |
| (ബി) ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (ബി) ഈ പദ്ധതിയ്ക്കായി നാളിതുവരെ ആകെ 39.73 കോടി രൂപ ചെലവഴിച്ചു. 2004, 2007, 2008 വർഷങ്ങളിലായി കേന്ദ്ര വിഹിതമായി ആകെ 2.75 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 5 കോടി രൂപ റിലീസ് (Release) ചെയ്തിട്ടുണ്ട്. |
| (സി) ബാക്കി തുക ഉപയോഗിച്ച് പമ്പയിലെ മാലിന്യപ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) കേന്ദ്ര-സംസ്ഥാന വിഹിതമായി അനുവദിച്ച തുകയെക്കാൾ വളരെ കൂടുതലാണ് ഈ പദ്ധതിയ്ക്കുവേണ്ടി നാളിതുവരെ ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 5 കോടി രൂപ പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-I (Pamba Action Plan Phase-1) -ന്റെ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിനാൽ പമ്പാ നദീ സംരക്ഷണത്തിനായി അനുവദിച്ചതിൽ ഇനി ബാക്കി തുക ഇല്ല. പമ്പയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളും കൂടി ഉൾപ്പെടുത്തി പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-II (Pamba Action Plan Phase-II) -ന്റെ ഡിപിആർ തയ്യാറാക്കുവാനായി ജലവിഭവ വകുപ്പിലെയും പമ്പാ നദിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ